## ക ത്തു ക ൾ

# ഇസ്‌ലാംവിരോധം മറനീക്കുന്നു

***മലയാളം*** വാരിക(2008 നവംബർ 9)യിൽ എം.പി ബഷീർ എഴുതിയ ലേഖനത്തെക്കുറിച്ചാണ് ഈ കുറിപ്പ്. കേരളത്തിലെ മുസ്‌ലിം സംഘടനകളെക്കുറിച്ചോ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചോ സാമാന്യ ധാരണ പോലുമില്ലാതെയാണ് ബഷീർ പ്രസ്തുത ലേഖനമെഴുതിയിരിക്കുന്നത്. 'രാഷ്ട്രീയ ഇസ്‌ലാമിന്റെ തടവുകാർ' എന്ന ബഷീറിന്റെ ലേഖനത്തിൽ ഇസ്‌ലാം എന്ന ദർശനത്തെക്കുറിച്ച് സാമാന്യ ജ്ഞാനം ചെറിയ അളവിൽ പോലും കാണുന്നില്ലെന്നു മാത്രമല്ല, ലേഖകന്റെ ഇസ്‌ലാം വിരോധം മറനീക്കി പുറത്തുവരുന്നു.

"ഒരു മതമെന്ന നിലയിൽ ഇസ്‌ലാമിനുള്ള ശുഷ്കമായ സാധ്യതകളെ ആരായുന്നതിനു പകരം അതിനെ സമഗ്രമായൊരു ജീവിതപദ്ധതിയാണെന്ന് തെറ്റിദ്ധരിപ്പിക്കുകയാണ് രാഷ്ട്രീയ ഇസ്‌ലാം ചെയ്യുന്നത്. മനുഷ്യജീവിതത്തിന്റെ പുതിയ ധർമസങ്കടങ്ങൾക്കും പുതിയ ചോദ്യങ്ങൾക്കും ഇസ്‌ലാമിൽ ഉത്തരമില്ലാത്തതിനാൽ ഇവർ എല്ലാ ചോദ്യങ്ങളെയും നിരാകരിച്ചു... ദൈനംദിന സംസാരത്തിനിടയിൽ അതേക്കുറിച്ച് ഖുർആനിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്, നബി ഇങ്ങനെ പറഞ്ഞിട്ടുണ്ട് എന്ന മുഖവുരയോടെ ഇടപെടുന്ന ഇത്തരക്കാരെ നമുക്ക് ചുറ്റും കാണാം."

ഇവിടെ ലോകാവസാനം വരെയുള്ള ജനപഥങ്ങൾക്ക് വഴികാട്ടുന്ന ഖുർആനിക ദൗത്യത്തെ വിലകുറച്ചു കാണുകയാണ്. ഇസ്‌ലാമിന്റെ അടിത്തറകളെയും വിശ്വാസങ്ങളെയും ചോദ്യം ചെയ്യുന്നതിലേക്ക് ലേഖകൻ എത്തിച്ചേരുന്നു.

ബഷീർ എഴുതുന്നു: "ദൈവികമെന്ന് വിശ്വസിക്കുന്ന ഖുർആൻ മാത്രമല്ല, തീർത്തും മനുഷ്യനിർമിതമായ ശരീഅത്തും അവസാന വാക്കാണെന്ന് അവർ വിശ്വസിച്ചു."

ശരീഅത്ത് മനുഷ്യ നിർമിതമല്ല. ശരീഅത്തിന്റെ സ്രോതസ്സ് ഖുർആനും സുന്നത്തുമാണ്. അപ്പോൾ ശരീഅത്തിനെ 'കേവലം മനുഷ്യ നിർമിതമെന്ന്' വിളിക്കുന്നതിൽ ലേഖകന് തികഞ്ഞ അജ്ഞതയോ അല്ലെങ്കിൽ മറ്റു താൽപര്യങ്ങളോ ഉണ്ടെന്ന് വ്യക്തം.

'രാഷ്ട്രീയ ഇസ്‌ലാം' എന്ന തലക്കെട്ടിൽ കേരളത്തിലെ മതസംഘടനകളെ മൊത്തത്തിൽ അഭിസംബോധന ചെയ്യുന്നുവെന്നതാണ് ബഷീറിന് പറ്റിയ മറ്റൊരബദ്ധം. ഏറ്റവും ചുരുങ്ങിയത് അതംഗീകരിക്കാൻ ഇവിടത്തെ ഭൂരിപക്ഷം മുസ്‌ലിം സംഘടനകളും തയാറല്ല എന്ന് ലേഖകൻ അറിയാതെ പോകുന്നു.

ജമാഅത്തെ ഇസ്‌ലാമിയാകട്ടെ, രാഷ്ട്രീയ ഇസ്‌ലാം എന്ന സങ്കൽപത്തെ തന്നെ നിരാകരിക്കുന്ന പ്രസ്ഥാനമാണ്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ ആഗോള സാഹചര്യത്തിൽ ഇസ്‌ലാമിക സാമ്പത്തിക വ്യവസ്ഥയെക്കുറിച്ച ഗൗരവപ്പെട്ട ചർച്ചകൾ നടന്നുവരുന്നുണ്ട്. അതിനെക്കുറിച്ച് ആരും 'സാമ്പത്തിക ഇസ്‌ലാം' എന്ന് പറയുന്നില്ല. രാഷ്ട്രീയമായാലും സാമ്പത്തികമായാലും അതൊക്കെ ഇസ്‌ലാം എന്ന സമ്പൂർണ ജീവിതദർശനത്തിന്റെ ഭാഗം മാത്രമാണ് എന്നതാണ് കാരണം.

കേരളീയ മുസ്‌ലിം നവോത്ഥാനത്തിന് അവരവരുടെ സംഭാവനകൾ നൽകിയവരാണ് കേരളത്തിലെ എല്ലാ മുസ്‌ലിം സംഘടനകളും. ഈ സംഘടനകളുടെ പ്രസ്താവനകളിലോ യോഗങ്ങളിലോ മതവിദ്വേഷം സൃഷ്ടിക്കുന്ന എന്തെങ്കിലും പരാമർശങ്ങൾ ചൂണ്ടിക്കാട്ടാൻ ബഷീറിന് കഴിയുമോ?

കേരളത്തിലെ മതസംഘടനകളെ മൊത്തം ഭീകരവാദ ഏജൻസികളായി മുദ്രകുത്തി സമുദായത്തെ മുഴുവൻ രാജ്യദ്രോഹികളും ജനവഞ്ചകരുമായി ചിത്രീകരിക്കാനുള്ള ശ്രമം ഫാഷിസ്റ്റുകൾക്ക് മാത്രമേ ഗുണംചെയ്യൂ.

മദ്‌റസാ അധ്യാപകരെക്കുറിച്ച് ബഷീർ പറയുന്നത് നോക്കൂ: "കലുഷമായ കുടുംബാന്തരീക്ഷമുള്ള വീടുകളിലെ സ്കൂളുകളിൽ പോകാത്ത കുട്ടികളാണ് ഇപ്പോഴും മദ്‌റസാ പഠനത്തിലൂടെ മതസ്ഥാപനങ്ങളിലെ അധ്യാപകരാവുകയും അവയുടെ നേതൃസ്ഥാനത്തേക്ക് വരികയും ചെയ്യുന്നത്. പുതുലോകത്തെക്കുറിച്ചോ പൊതുസമൂഹത്തെക്കുറിച്ചോ യാതൊന്നും ആലോചിക്കേണ്ടതില്ലാത്ത ക്രിമിനൽ സ്വഭാവമുള്ള ബുദ്ധിശൂന്യത മാത്രമാണ് അവരുടെ കൈമുതൽ."

മദ്‌റസകളെക്കുറിച്ചും അതിലെ അധ്യാപകരെക്കുറിച്ചും വലതുപക്ഷ മാധ്യമങ്ങളിൽ പോലും ഇത്ര അധിക്ഷേപകരമായ പരാമർശങ്ങൾ അപൂർവമാണ്.

**വി.ടി അനീസ് അഹ്മദ് മുള്ളൻകുന്ന്**




# തേന്മഴ ചൊരിയുന്ന കവിതകൾ

**കവി** ടി. ഉബൈദിന്റെ ഒരു കവിത:
"വാരുറ്റ പൈതലേ താലോലം- റബ്ബിൻ
കാരുണ്യക്കാതലേ താലോലം
ആമിന തൻ പൊൻകിടാവല്ലോ- പാരിൽ
തൂമവളർത്തും നിലാവല്ലേ"
എന്നു തുടങ്ങുന്ന മനോഹരമായ ആ കവിത പല സ്കൂളുകളിലും ഞാൻ പാടിയിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി പി.എ.എം ഹനീഫ് എഴുതിയ ലേഖനം ശ്രദ്ധാപൂർവം വായിച്ചു. ഹൃദയങ്ങളിൽ തേന്മഴ ചൊരിയുന്ന കവിതകളാണ് ഉബൈദിന്റെ കവിതകൾ. ലേഖകനും *പ്രബോധന*ത്തിനും നന്ദി.

**രാവണപ്രഭു**
**കടലുണ്ടി നഗരം**

## കപ്പൽ മുങ്ങുന്നതിന് മുമ്പ്

**ആഗോള** സാമ്പത്തിക പ്രതിസന്ധിയെ ക്കുറിച്ച് മുഹമ്മദ് പാലത്ത് എഴുതിയ ലേഖനങ്ങൾ വായിച്ചു. അമേരിക്കയെ മാത്രമല്ല ഇന്ത്യ പോലുള്ള വളർന്നുവരുന്ന 'സാമ്പത്തിക ഭീമന്മാ'രെയും പ്രതിസന്ധി ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ബുഷ് 'തിന്മയുടെ അച്ചുതണ്ടി'ൽ ഉൾപ്പെടുത്തിയവർ ഭാഗ്യവാന്മാർ! അങ്കിൾസാമിന്റെ സാമ്പത്തിക ഉപരോധം ഉണ്ടായിരുന്നതുകൊണ്ട് അവർ മുതലാളിത്ത ആർത്തിയിൽ അധിഷ്ഠിതമായ സ്വതന്ത്ര കമ്പോളത്തിൽനിന്ന് രക്ഷപ്പെട്ടു (സാമ്പത്തിക ഉപരോധം അനുഗ്രഹമാകുന്നത് അങ്ങനെയാണ്).

എണ്ണപ്പണമുള്ള ഗൾഫ് രാജ്യങ്ങൾ പ്രതിസന്ധിയെ അതിജീവിച്ചു എന്നൊരു ധാരണയുണ്ട്. പക്ഷേ, സത്യം മറ്റൊന്നാണ്. എല്ലാ ഗൾഫ് നാടുകൾക്കും അമേരിക്കയിൽ പൊതുമേഖലയുടെ പേരിലും വ്യക്തികളുടെ പേരിലും വൻ നിക്ഷേപമുണ്ട്. 9/11നു ശേഷം കുറച്ച് നിക്ഷേപങ്ങൾ മറ്റു ചില നാടുകളിലേക്കും വഴിമാറിയെങ്കിലും, അമേരിക്ക തന്നെയാണ് ഇപ്പോഴും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതെന്ന് കണക്കുകൾ തെളിയിക്കുന്നു.

ഒരു കണക്ക് പ്രകാരം 2.5 ട്രില്യൻ ഡോളർ (ഏകദേശം രണ്ടര ലക്ഷം കോടി!) ഗൾഫ് പണമാണ് അമേരിക്കയിൽ മാത്രമുള്ളത്. ഇതിൽ സാമ്പത്തിക തകർച്ച കാരണം എത്ര കോടി ഡോളർ അവർക്ക് നഷ്ടപ്പെട്ടിട്ടുണ്ടാവണം! ഇതൊരു അനുമാനം മാത്രം. യഥാർഥ സംഖ്യ ഇതിനേക്കാൾ കൂടും. ഗൾഫ് ഭരണാധികാരികൾ ഇസ്‌ലാമിക ബാങ്കിംഗിനെക്കുറിച്ച് കാര്യമായി ചിന്തിക്കേണ്ട സന്ദർഭമാണിത്. പാശ്ചാത്യ സാമ്പത്തിക വിദഗ്ധരെ അമിതമായി ആശ്രയിക്കുന്ന പ്രവണതക്കും അറുതിവരുത്തണം. കപ്പൽ (അമേരിക്ക) മുങ്ങുകയാണ്. രക്ഷപ്പെടാനിതാ ഒരു സുവർണാവസരം.

**വി.വി ശരീഫ് സിംഗപ്പൂർ**
shareef@abm-group.com

## റൗദാ ശരീഫും നബിയുടെ ഖബ്‌റിടവും

**ടി.കെ.എം ഇഖ്ബാലിന്റെ** യാത്ര (യുഗപരിവർത്തനങ്ങളുടെ ചരിത്ര ഭൂമിയിലൂടെ-ലക്കം 19,20) വായിച്ചു . ചെറുതും മനോഹരവുമാണ്.

രണ്ടാം ലക്കത്തിൽ റൗദാ ശരീഫിനെ കുറിച്ച പരാമർശത്തോട് ഒരു വിയോജിപ്പുണ്ട്. നബി(സ)യുടെ ഖബ്‌റിടത്തെയാണ് ലേഖകൻ റൗദാ ശരീഫായി വിവരിക്കുന്നത്. യഥാർഥത്തിൽ 'എന്റെ ഖബ്‌റിനും എന്റെ മിമ്പറിനുമിടക്കുള്ള സ്ഥലം സ്വർഗത്തോപ്പുകളിലെ ഒരു തോപ്പാണ്' എന്ന് നബി(സ) വിവരിച്ച സ്ഥലമാണ് റൗദാ ശരീഫ്. ആ ഭാഗം പ്രത്യേകം തിരിച്ചറിയാൻ വെള്ളപരവതാനി വിരിച്ചിട്ടുണ്ടാവും. റൗദാ ശരീഫ് വേറെയും നബി(സ)യുടെ ഖബ്‌റിടം വേറെയുമായി മനസ്സിലാക്കണം.

'കൂടെയുള്ളവർ പറഞ്ഞുതരുന്ന വിവരണങ്ങളല്ലാതെ ഇക്കാര്യങ്ങളൊന്നും മനസ്സിലാക്കാൻ സന്ദർശകനെ സഹായിക്കാൻ ഒരു സംവിധാനവും ഇവിടെയൊന്നും ഒരുക്കിയിട്ടില്ല' എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ടല്ലോ. അത് തന്നെയാണ് പ്രശ്നം.

**സി.കെ മുഹമ്മദ് കരുവാരകുണ്ട്**

## അനാവശ്യ വിവാദം

**'ഖുർആൻ** ഒരു നിഷ്പക്ഷവായന'യെപ്പറ്റിയുള്ള ലേഖനവും തുടർന്നുള്ള വാദപ്രതിവാദങ്ങളും (ഹദീസുകൾ മുതൽ ക്രോമസോമുകൾ വരെയുൾപ്പെടുത്തി) *പ്രബോധന*ത്തിൽ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു കാണുന്നു.

അണ്ടിയാണോ മാങ്ങയാണോ മൂത്തത് എന്ന് സ്ഥാപിച്ചിട്ട് ആർക്കെന്തു പ്രയോജനം? സമുദായം നേരിടുന്ന നൂറായിരം നീറുന്ന പ്രശ്നങ്ങളുള്ള ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം നിരർഥകങ്ങളായ വിവാദങ്ങൾ നിയന്ത്രിക്കുകയല്ലേ നല്ലത്?

**ഡോ. എം. ഹനീഫ്**
**റിട്ട. പ്രഫസർ**
**മെഡിക്കൽ കോളേജ് കോട്ടയം**
haneefm@sify.com

## സംവേദനവേദി അന്താരാഷ്ട്ര ചലച്ചിത്രമേള കോഴിക്കോട്ട്

**കോഴിക്കോട്**: എസ്.ഐ.ഒ സംവേദനവേദി സംഘടിപ്പിക്കുന്ന രണ്ടാമത് അന്താരാഷ്ട്ര ചലച്ചിത്രമേള കോഴിക്കോട്ട് നവംബർ 21,22,23 തീയതികളിൽ നടക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, കുടുംബം, പ്രണയം, ആത്മീയാന്വേഷണം എന്നീ തലങ്ങളിൽ മതേതര/മത സ്വത്വ സംഘർഷങ്ങൾ പ്രശ്നവത്കരിക്കുന്ന സിനിമകൾ ഇത്തവണ മേളയുടെ മുഖ്യ ആകർഷണമാണ്. ജനാധിപത്യത്തിന്റെ പേരിൽ നടക്കുന്ന ധ്വംസനങ്ങളും ഭരണകൂട ഭീകരതയും അനാവരണം ചെയ്യുന്ന ഫിലിം/ഡോക്യുമെന്ററികളാണ് മറ്റൊരു പാക്കേജ്. കാമ്പസ് സിനിമകളുടെ മൽസരവും തെരഞ്ഞെടുത്തവയുടെ പ്രദർശനവും നടക്കും. ബഹ്മാൻ ഗൊബാദിയുടെ 'ഹാഫ് മൂൺ'(ഇറാഖ്),ഇസ്മാഈൽ ഫറൂഖിന്റെ 'ലെ ഗ്രാൻഡ് വോയെജ്' (ഫ്രാൻസ്) ഫ്രാൻസിസ് ത്രുഫോയുടെ 'ഫോർ ഹൺഡ്രഡ് ബ്ലോസ്', ഹാനു ബ്രമാണ്ടിയോയുടെ 'ആയത് ആയത് സിൻട' (ഇന്തോനേഷ്യ),'ഇറാഖ് ഇൻ ഫ്രാഗ്മെൻസ്',ഷോണാലി ബോസിന്റെ 'അമു' (ഇന്ത്യ) തുടങ്ങിയവ മേളയിൽ പ്രദർശിപ്പിക്കും. തിരക്കഥാകൃത്തും സംവിധായകനുമായ ജോൺപോൾ 21 ന് വൈകീട്ട് നാലുമണിക്ക് മേള ഉദ്ഘാടനം ചെയ്യും. കെ.കെ ബാബുരാജ്, സുഭാഷ്ചന്ദ്രൻ, ശൈഖ് മുഹമ്മദ് കാരകുന്ന്, ഡോ. കെ. മുഹമ്മദ് നജീബ്, ഷിബു മുഹമ്മദ്, ഡോ.ബിജു, മീനാപിള്ള, ടി.പി മുഹമ്മദ് ശമീം, സി.പി ബിജു, കെ.പി സൽവ, ഗോപാൽ മേനോൻ തുടങ്ങിയവർ വിവിധ ചർച്ചാസെഷനുകളിൽ പങ്കെടുക്കും. കൽപക ഓഡിറ്റോറിയത്തിൽ നടക്കുന്ന മേളയിൽ പ്രവേശനം സൗജന്യമാണെന്ന് ഡയറക്ടർ കെ. അശ്റഫ് അറിയിച്ചു.

**(9495019330, 9847800134)**